# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 460** **28.02.2017-ൽ മറുപടിയ്ക്ക്**

## കറൻസി പിൻവലിക്കൽ

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8 ന ശേഷം നാളിതുവരെ സംസ്ഥാന സർക്കാർ കണക്കുകൾ പ്രകാരം പ്രതീക്ഷിച്ച നികുതി വരുമാനം എത്ര എന്നും ഇതുവരെ നികുതി വരുമാനയിനത്തിൽ എത്ര തുക ലഭിച്ചു എന്നും എത്ര തുകയുടെ കുറവുണ്ടായി എന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:-<br>വാണിജ്യനികുതി വകുപ്പ് ഡിസംബർ - ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി. രജിസ്ട്രേഷൻ വകുപ്പിൽ ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ കുറവുണ്ട്. ലാന്റ് റവന്യൂയിനത്തിൽ 90 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 205.14 കോടി രൂപയും പ്രതീക്ഷിച്ചതിൽ യഥാക്രമം 72.66 കോടി രൂപയും 157.90 കോടി രൂപയും മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. മോട്ടോർ വാഹന വകുപ്പ് പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |
| **ബി)** | സംസ്ഥാന വരുമാനം വർദ്ധിപ്പിക്കാൻ നികുതിയേതര മാർഗ്ഗങ്ങൾ എന്തെങ്കിലും സ്വീകരിച്ചുവോ; എങ്കിൽ എന്ത് മാർഗ്ഗമാണ് സ്വീകരിച്ചത് എന്നും ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോയെന്നും വ്യക്തമാക്കുമോ; | **(ബി)** | വാണിജ്യനികുതി, ലാന്റ് റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി നികുതിയേതര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല. എക്സൈസ് വകുപ്പ് വഴിയുള്ള നികുതിയേതര വരുമാനം പ്രധാനമായും അബ്ക്കാരി കുറ്റകൃത്യങ്ങളുടെ കോമ്പൗണ്ടിംഗ്, കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ വില്പന മുതലായ ഇനങ്ങളിലാണ് ലഭിക്കുന്നത്. എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഈ ഇനങ്ങളിലുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധന, റവന്യൂ റിക്കവറി, സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് എന്നിവയിലൂടെ റവന്യൂ വരുമാനം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന വാറ്റ് നികുതി വരുമാനം എത്ര എന്നും വാറ്റ് ഇതര നികുതികൾ ഏതെല്ലാം എന്നും അവയിൽ പ്രതീക്ഷിച്ചത് എത്ര എന്നും പ്രത്യേകിച്ച് റവന്യൂ വരുമാനം പ്രതീക്ഷിച്ചത്, എക്സൈസ് രജിസ്ട്രേഷൻ, ഗതാഗത നികുതികൾ, ലോട്ടറി, മോട്ടോർ വാഹന രജിസ്ട്രേഷൻ എന്നിവയിൽ എത്ര പ്രതീക്ഷിച്ചു എന്നും വ്യക്തമാക്കാമോ ; ഇവകളിൽ ഓരോന്നിലും പിരിഞ്ഞു കിട്ടിയ നികുതി തുക എത്ര എന്നും എത്ര തുകയുടെ കുറവുണ്ടായി എന്നും വ്യക്തമാക്കുമോ; | (സി) | വാണിജ്യനികുതി വകുപ്പ് പ്രതീക്ഷിച്ച വാറ്റ് നികുതി വരുമാനം 3238 കോടി രൂപയായിരുന്നു. ഇതിൽ 2832.6 കോടി രൂപയുടെ വരുമാനം ലഭിച്ചു. 405.40 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ടി കാലയളവിൽ പ്രതീക്ഷിച്ച വാറ്റ് ഇതര നികുതി വരുമാനം 3091 കോടി രൂപയായിരുന്നു. എന്നാൽ ലഭിച്ച നികുതി വരുമാനം 2646.79 കോടി രൂപയാണ്. ഈ ഇനത്തിൽ 444.21 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി. രജിസ്ട്രേഷൻ വകുപ്പിൽ ഈ കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ട്. ലാന്റ് റവന്യൂയിനത്തിൽ 90 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 205.14 കോടി രൂപയും പ്രതീക്ഷിച്ചതിൽ യഥാക്രമം 72.66 കോടി രൂപയും 157.90 കോടി രൂപയും മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം നവംബർ മുതൽ ഫെബ്രുവരി വരെ പ്രതീക്ഷിച്ച വരുമാനം 2973 കോടി രൂപയായിരുന്നു. ഇതിൽ 21.02.2017 വരെ ലഭിച്ച വരുമാനം 1895.79 കോടി രൂപയാണ്. അതായത് 1077.21 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട് |
| (ഡി) | ഇത്തരത്തിൽ സർക്കാർ നടത്തിപ്പിനായി വേണ്ടി വരുന്നതും ലഭിക്കേണ്ടതുമായ നികുതി തുകകളിൽ വന്ന കുറവ്, സർക്കാരിനെ എത്തരത്തിൽ ബാധിച്ചു എന്നും ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | നോട്ട് നിരോധനം മൂലം സർക്കാരിന് ലഭ്യമാകേണ്ട നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത് ജനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.